# കൊച്ചി സർവകലാശാലയിൽ സുഭിക്ഷകേരളം പദ്ധതി

**കളമശ്ശേരി ▸** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നാഷണൽ സർവീസ് സ്കീമിൻെറയും കളമശ്ശേരി കൃഷി ഓഫീസിൻെറയും നേതൃത്വത്തിൽ 'ഐഡിൽ ടു ഐഡിയൽ' പദ്ധതി തുടങ്ങുന്നു. സർവകലാശാലാ കാമ്പസിൽ തരിശുകിടക്കുന്ന സ്ഥലങ്ങളിൽ സുഭിക്ഷകേരളം പദ്ധതിയിൽപ്പെടുത്തി കൃഷിവകുപ്പിൻെറ സഹായത്തോടെ മാതൃകാ കൃഷിത്തോട്ടങ്ങളം നിർമിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വൈസ് ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ ഉദ്ഘാടനം ചെയ്യും.

വ്യാഴാഴ്ച 10.30-ന് സർവകലാശാലാ അതുല്യ ഹോസ്റ്റൽ കാമ്പസിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ ഡോ. പി.ജി. ശങ്കരൻ, രജിസ്ട്രാർ ഡോ. വി. മീര, ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. കെ. ഗിരീഷ് കുമാർ, ജില്ലാ കൃഷി ഓഫീസർ ദിലീപ്കുമാർ, കൃഷി അസിസ്റ്റൻറ് ഡയറക്ടർ ബിൻസി അബ്രഹാം, കളമശ്ശേരി കൃഷി ഓഫീസർ ശ്രീബാല അജിത്, എൻ.എസ്.എസ്. പ്രോഗ്രാം കോ -ഓർഡിനേറ്റർ ഡോ. പി.കെ. ബേബി, ഡോ. സംഗീത പ്രതാപ്, യൂണിവേഴ്സിറ്റി എൻജിനീയർ കെ.എം. ജോയ് എന്നിവർ പങ്കെടുക്കും.

മാതൃഭൂമി 07/01/2021 പേജ്-11